2025 OCTOBER
11
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പൊതുമേഖലയിൽ ഇനി 3 ബാങ്കുകൾ; എസ്ബിഐയിലും കനറാ ബാങ്കിലും 3 വീതം ബാങ്കുകൾ ലയിച്ചേക്കും



**ന്യൂദൽഹി:** പൊതുമേഖലാ ബാങ്കുകളുടെ ലയനം വീണ്ടും നടപ്പാക്കാൻ ആലോചന. ഇതു സംബന്ധിച്ച ധനമന്ത്രാലയത്തിന്റെ നിർദേശം ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കാൻ നടപടികൾ തുടങ്ങുമെന്ന് അറിയുന്നു. ബാങ്കുകളെ സംയോജിപ്പിച്ച് ലോകത്തെ ആദ്യ 20 മുൻനിര ബാങ്കുകളുടെ ഗണത്തിലേക്ക് ഇന്ത്യയിലെ രണ്ടു പൊതുമേഖലാ ബാങ്കുകളെയെങ്കിലും കൊണ്ടുവരണമെന്ന നിർദേശമാണ് ഈ നീക്കത്തിനു പിന്നിൽ. എസ്ബിഐ, പഞ്ചാബ് നാഷനൽ ബാങ്ക്, കനറാ ബാങ്ക് എന്നിവയിലേക്കു മറ്റു പൊതുമേഖലാ ബാങ്കുകളെ ലയിപ്പിക്കുമെന്നാണു റിപ്പോർട്ടുകൾ. ബാങ്ക് ഓഫ് മഹാരാഷ്ട്ര, യൂക്കോ ബാങ്ക്, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക് എന്നിവയെ എസ്ബിഐയിൽ ലയിപ്പിച്ചേക്കും. ബാങ്ക് ഓഫ് ബറോഡ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവ പഞ്ചാബ് നാഷനൽ ബാങ്കിനോടും യൂണിയൻ ബാങ്ക്, ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നിവ കനറാ ബാങ്കിനോടും ലയിപ്പിക്കാനാണ് ആലോചിക്കുന്നത്. ഇതോടെ വമ്പൻ പദ്ധതികൾക്ക് ഉൾപ്പെടെ വായ്പ നൽകാനും മറ്റും ഈ 3 ബാങ്കുകൾക്കും കഴിയും. ബാങ്ക് ആസ്തിയിൽ ലോകത്തെ പ്രമുഖ 100 ബാങ്കുകളുടെ പട്ടികയിൽ 47ാം സ്ഥാനമാണ് എസ്ബിഐക്കുള്ളത്. ഈ വിഭാഗത്തിൽ ആദ്യ 4 ബാങ്കുകളും ചൈനയുടേതാണ്.ഇതിനു പുറമേ, കനറാ എച്ച്എസ്ബിസി, കനറാ റൊബെകോ എന്നിവയുടെ ഐപിഒയും ഉടനുണ്ടാകും. 2017ൽ ആണു ബാങ്കുകളുടെ ലയനം ആദ്യം നടപ്പാക്കിയത്. പിന്നീട് 2019ൽ ബാങ്കുകളുടെ ലയനത്തിലൂടെ 27 പൊതുമേഖലാ ബാങ്കുകളുടെ എണ്ണം 12 ആക്കി. ഇനിയും അതു മൂന്നാക്കാനാണ് നീക്കം.

## ദീപാവലി ആഘോഷങ്ങൾക്ക് ഒരുങ്ങി ദുബായ്



**ദുബായ്;** വൈവിധ്യമാർന്ന ആഘോഷങ്ങളും പരിപാടികളും ഷോപ്പിംഗ് അനുഭവങ്ങളുമായി ദീപാവലിയെ വരവേൽക്കാനൊരുങ്ങി ദുബായ്. നഗരത്തിലുടനീളം സന്ദർശകർക്കായി ദിയ പെയിന്റിംഗ്, രംഗോലി വർക്ക്ഷോപ്പുകൾ തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ ആഘോഷങ്ങൾ കൂടാതെ നൃത്തത്തിന്റെയും സംഗീതത്തിന്റെയും രാവുകളും പകലുകളുമാണ് ഈ ദീപാവലി സീസണിൽ ദുബായ് ഒരുക്കിയിട്ടുള്ളത്. സ്വർണ്ണം അടക്കമുള്ള ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ എന്നീ വിഭാഗങ്ങളിൽ പ്രത്യേക ഓഫറുകൾ കൂടാതെ 400ലധികം ഇന്ത്യൻ റെസ്റ്റോറന്റുകളും ദീപാവലിക്കായി ഒരുങ്ങിക്കഴിഞ്ഞു.

ഒക്ടോബർ 17 മുതൽ 20 വരെ നടക്കുന്ന ഗ്ലോബൽ വില്ലേജ് ദീപാവലി മേളയുടെ ഭാഗമായി വിവിധ കലാരൂപങ്ങൾ, ഷോപ്പിംഗ്, ഇന്ത്യൻ പാചകരീതിയുടെ പ്രദർശനം, രംഗോലി കലകൾ, കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, വീട്ടുപകരണങ്ങൾ, സുവനീറുകൾ തുടങ്ങിയവ ഒരുക്കിയിട്ടുള്ള ഇന്ത്യൻ പവലിയൻ സജ്ജമാക്കിയിട്ടുണ്ട്. ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 18, 19, 24, 25 തീയതികളിൽ രാത്രി 9ന് വെടിക്കെട്ട് പ്രദർശനങ്ങൾ ഉണ്ടാകും. സ്വർണ്ണ നഗരം എന്നറിയപ്പെടുന്ന ദുബായിൽ ദുബായ് ജ്വല്ലറി ഗ്രൂപ്പ് ഒക്ടോബർ 3 മുതൽ 26 വരെ നറുക്കെടുപ്പുകളിലൂടെയും മറ്റും 150,000 ദിർഹം വരെ വിലയുള്ള വൗച്ചറുകൾ നേടാനുള്ള അവസരം നൽകുന്നു.

ഒക്ടോബർ 17 മുതൽ 19 വരെ നടക്കുന്ന അൽ സീഫിലെ വിളക്കുകളുടെ ഉത്സവത്തിൽ ഘോഷയാത്രകൾ, തത്സമയ സംഗീത പരിപാടികൾ, കവിത, നൃത്തം, സ്റ്റാൻഡ്അപ്പ് കോമഡി എന്നിവ അരങ്ങേറും. ഇത് കൂടാതെ നഗരത്തിലുടനീളമുള്ള റെസ്റ്റോറന്റുകളിൽ ലിമിറ്റഡ് എഡിഷൻ വിഭവങ്ങളും വിരുന്നുകളും ലഭിക്കും. ജുമൈറ അൽ ഖസറിലെ ഋതു ഡാൽമിയയുടെ അത്രംഗിയിൽ, സഞ്ചാരികൾക്ക് മിഷേലിൻസ്റ്റാർ ചെയ്ത ഡൈനിംഗ് അനുഭവം ആസ്വദിക്കാം. ജുമൈറയിലെ സബീൽ സരായിലെ അമലയിൽ ഒക്ടോബർ 17,20 തീയതികളിൽ ഉത്സവ സെറ്റ് മെനു, ദുബായ് ഡൗൺ ടൗണിൽ ഒക്ടോബർ 17 മുതൽ 23 വരെ നാല് കോഴ്സ് മെനു ജമാവർ, താജ് എക്സോട്ടിക്ക റിസോർട്ടിലെ ദി പാമിലെ വാർഖ് ഇന്ത്യയുടെ വൈവിധ്യമാർന്ന രുചികൾ എന്നിവ ഒരുക്കിയിരിക്കുന്നു.

## സമാധാന നൊബേൽ മരിയ കൊറീന മചാഡോയ്ക്ക്



**സ്റ്റോക്ക്ഹോം:** 2025ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം വെനസ്വേല പ്രതിപക്ഷ നേതാവ് മരിയ കൊറിന മചാഡോയ്ക്ക്. വെനസ്വേലയിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും സ്വേച്ഛാധിപത്യത്തിൽ നിന്നു ജനാധിപത്യത്തിലേക്കുള്ള അധികാരക്കൈമാറ്റത്തിനും നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം.

ലാറ്റിനമേരിക്കയിൽ അടുത്തിടെയുണ്ടായ ജനാധിപത്യ പ്രക്ഷോഭങ്ങളുടെ മുൻനിരയിലെ ഏറ്റവും കരുത്തുറ്റ നേതാക്കളിലൊരാളായാണ് മരിയ കൊറിന മച്ചാഡോയെ വിശേഷിപ്പിക്കുന്നത്. വെനസ്വലയിലെ ചിതറിക്കിടന്ന പ്രതിപക്ഷ കക്ഷികളെ ഒന്നിപ്പിക്കുന്നതിൽ നിർണായക പങ്കാണ് ഇവർ വഹിച്ചത്. സമാധാന നൊബേലിനായി ഏറെ വാദഗതികൾ ഉയർത്തിയ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന് പുരസ്കാര പ്രഖ്യാപനം ഏറെ നിരാശയാണ് സമ്മാനിച്ചത്.

വെനസ്വേലൻ പ്രതിപക്ഷ നേതാവും ദേശീയ അസംബ്ലി അംഗവുമായ മരിയ കൊറീന മചാഡോ 2002ലാണ് രാഷ്ട്രീയത്തിലെത്തുന്നത്. അലക്സാൻഡ്രോ പ്ലാസിനൊപ്പം രാഷ്ട്രീയത്തിൽ സജീവമായ മചാഡോ പിന്നീട് വെന്റെ വെനസ്വേല പാർട്ടിയുടെ ദേശീയ കോർഡിനേറ്ററായി. 2012ൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 2014ൽ നിക്കോളാസ് മഡുറോ സർക്കാരിനെതിരായ വെനസ്വേലൻ പ്രക്ഷോഭത്തിന്റെ മുൻനിരപ്പോരാളിയായിരുന്നു. 2018ൽ ബിബിസി തിരഞ്ഞെടുത്ത ലോകത്തെ 100 ശക്തയായ വനിതകളിൽ ഒരാളാണ്.

## ചെമ്പിനും വിലയേറുന്നു

**മുംബൈ:** അന്താരാഷ്ട്ര വിപണിയിൽ സ്വർണത്തിനും വെള്ളിക്കും മാത്രമല്ല ചെമ്പിന്റെ വിലയും റിക്കാർഡ് തലത്തിലേക്ക് ഉയർന്നു.

പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ് ഓഹരികളിൽ വലിയ മുന്നേറ്റമുണ്ടാക്കി. വ്യാപാരത്തിനിടെ ഓഹരി 52 ആഴ്ചയിലെ ഏറ്റവും ഉയർന്ന നിലയിൽ എത്തി. മാത്രമല്ല, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നിക്ഷേപകർക്ക് ഓഹരി 100 ശതമാനം വരെ നേട്ടമാണ് നൽകിയത്. ആഗോളതലത്തിൽ ചെമ്പിനുള്ള ഡിമാൻഡ് കുതിച്ചുയരുന്നതാണ് വില വർധനവിന് പ്രധാന കാരണം. അടിസ്ഥാന സൗകര്യങ്ങളുടെയും വൈദ്യുതി വാഹനങ്ങളുടെയും വികാസത്തിന്റെയും ഫലമായി ആഭ്യന്തര ആവശ്യകതയും ശക്തമാക്കുന്നു. കൂടാതെ, ലോകമെമ്പാടുമുള്ള ഖനികളിൽ ഉത്പാദനം കുറയുന്നതും വിതരണത്തിലെ പ്രശ്നങ്ങളും വിലയെ സ്വാധീനിക്കുന്നു. ചെമ്പിന്റെ ഡിമാൻഡ് കുറയാൻ സാധ്യതയില്ലാത്തതിനാൽ, ഹിന്ദുസ്ഥാൻ കോപ്പറിന്റെ ഓഹരികൾ ഇനിയും മുന്നോട്ട് പോകുമെന്ന പ്രതീക്ഷയിലാണ് നിക്ഷേപകർ.




## കാബൂളിലെ ടെക്നിക്കൽ മിഷനെ ഇന്ത്യൻ എംബസി പദവിയിലേക്ക് ഉയർത്തും: പ്രഖ്യാപനവുമായി ജയശങ്കർ

**ന്യൂഡൽഹി:** കാബൂളിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ മിഷനെ ഇന്ത്യൻ എംബസി പദവിയിലേക്ക് ഉയർത്തുമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. താലിബാൻ വിദേശകാര്യ മന്ത്രി അമീർ ഖാൻ മുത്താഖിയുമായുള്ള കൂടിക്കാഴ്ചയ്ക്കിടെയാണു ജയശങ്കറിന്റെ പ്രഖ്യാപനം. താലിബാൻ ഭരണകൂടത്തെ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ലെങ്കിലും അഫ്ഗാനിസ്ഥാനുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനു മുന്നോടിയായിട്ടാണ് ഈ നീക്കം. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിൽ അമീർ ഖാൻ മുത്താഖിയുടെ സന്ദർശനം നിർണായകമെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ അഭിപ്രായപ്പെട്ടു.

നേരത്തേ അഫ്ഗാനിസ്ഥാനിൽ ഇന്ത്യൻ എംബസി പ്രവർത്തിച്ചിരുന്നു. അഫ്ഗാനിൽ, താലിബാൻ അധികാരം പിടിച്ച് ഒരു വർഷത്തിനു ശേഷം 2022ൽ ഇവിടെ ഇന്ത്യ ടെക്നിക്കൽ മിഷൻ സ്ഥാപിച്ചു. പിന്നീടിതുവരെ അവിടെ എംബസി എന്ന നിലയിൽ ഇന്ത്യ പ്രവർത്തിച്ചിരുന്നില്ല.

അടുത്തിടെ ഉണ്ടായ ഭൂകമ്പത്തിൽ ആദ്യം അവിടെ സഹായവുമായി എത്തിയത് ഇന്ത്യയാണ്. രാജ്യാന്തര അംഗീകാരത്തിനായുള്ള താലിബാൻ ഭരണകൂടത്തിന്റെ തുടർച്ചയായ ശ്രമത്തിന്റെ ഭാഗമായാണ് അമീർ ഖാൻ മുത്താഖിയുടെ ഇന്ത്യാ സന്ദർശനം.

റഷ്യയിൽ നടന്ന മോസ്കോ ഫോർമാറ്റ് കൺസൾട്ടേഷനുകളുടെ ഏഴാമത് യോഗത്തിൽ പങ്കെടുത്ത ശേഷമാണ് മുത്താഖി എട്ടു ദിവസത്തെ സന്ദർശനത്തിനായി ഡൽഹിയിലെത്തിയത്. 2021 ഓഗസ്റ്റിൽ അഫ്ഗാനിൽ ഭരണത്തിലേറിയ ശേഷം ഒരു താലിബാൻ നേതാവ് ഇന്ത്യയിലേക്കു നടത്തുന്ന ആദ്യ സന്ദർശനമാണിത്.

താലിബാൻ അധികാരമേറ്റതിനു പിന്നാലെ അഫ്ഗാനിസ്ഥാനിൽ നിന്ന് ഇന്ത്യൻ പൗരൻമാരെയും നയതന്ത്ര ഉദ്യോഗസ്ഥരെയും ഇന്ത്യ ഒഴിപ്പിച്ചിരുന്നു. എന്നാൽ മാനുഷിക സഹായങ്ങൾ അഫ്ഗാനിൽ വിതരണം ചെയ്യുന്നതിനും മറ്റുമായുള്ള പരിമിത ഇടപെടലുകൾ ഇന്ത്യ നടത്തുകയും ചെയ്തു. ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഈ വർഷം ആദ്യം ദുബായിൽ വച്ചു മുത്തഖിയുമായി ചർച്ച നടത്തിയിരുന്നു.




# വോൾ ഓഫ് ഹോപ്പ്; പ്രതീക്ഷയുടെ വർണ്ണച്ചിത്രങ്ങൾ തീർത്ത് കൊച്ചിയിലെ ജനങ്ങൾ

**കൊച്ചി:** ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് കൊച്ചിയുടെ ഹൃദയഭാഗത്ത് സ്ഥാപിച്ച വിശാലമായ വെള്ള ക്യാൻവാസിൽ വളരെ പെട്ടെന്നാണ് വർണ്ണാഭമായ കൈപ്പടങ്ങളും ഹൃദയസ്പർശിയായ സന്ദേശങ്ങളും നിറഞ്ഞത്. കൊച്ചിയിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററായ പ്രയത്ന ഒരുക്കിയ വോൾ ഓഫ് ഹോപ്പ് കാമ്പയിനാണ് ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധ നേടിയത്. മാനസികാരോഗ്യത്തെക്കുറിച്ചും വൈകാരികസൗഖ്യത്തെ കുറിച്ചുമുള്ള തുറന്ന ചർച്ചകൾക്കാണ് കൊച്ചി നഗരം സാക്ഷിയായത്. മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധമുണ്ടാക്കുന്നതിനും അതിനെക്കുറിച്ച് ശരിയായ ധാരണകൾ മനസ്സിലാക്കിയെടുക്കാനും ഈ പരിപാടിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പ്രയത്നയുടെ സ്ഥാപകൻ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി പറഞ്ഞു.

ഒരുമിച്ച് നിന്നാൽ, മാനസികാരോഗ്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെ ഇല്ലാതാക്കാനും, സമൂഹത്തിലുടനീളം ഇത്തരം പ്രവർത്തനങ്ങളിലൂടെ അവബോധം നൽകാനും നമുക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്വയം തുറന്നുപറയാൻ ഇത്രയധികം ആളുകൾ മുന്നോട്ട് വന്നത് വളരെ വലിയ മാറ്റത്തെയാണ് സൂചിപ്പിക്കുന്നതെന്ന്, കാമ്പയിനിന്റെ ഭാഗമാകാൻ എത്തിയ ജിത പറഞ്ഞു. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും അതിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിനും സാമൂഹികമായ ഒറ്റപ്പെടുത്തലിനെതിരെ പ്രചാരണം നടത്തുന്നതിനും വേണ്ടിയാണ് ലോക മാനസികാരോഗ്യ ദിനം ആചരിക്കുന്നത്. ഒക്ടോബർ 10നാണ് ആഗോളതലത്തിൽ ലോക മാനസികാരോഗ്യ ദിനം ആഘോഷിക്കുന്നത്.

# ബാലാമണിയമ്മ പുരസ്കാരം ഡോ.എം.എം. ബഷീറിന്



**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ഈ വർഷത്തെ ബാലാമണിയമ്മ പുരസ്കാരം ഡോ. എം.എം ബഷീറിന് സമ്മാനിക്കാൻ ബാലാമണിയമ്മ പുരസ്കാര നിർണ്ണയ സമിതി തീരുമാനമെടുത്തു. പുരസ്കാരം 2025 നവംബർ ൽ നടക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ സമ്മാനിക്കും. സാഹിത്യ ഗവേഷകൻ, നിരൂപകൻ, അധ്യാപകൻ, എഡിറ്റർ, പ്രഭാഷകൻ തുടങ്ങി വിവിധ നിലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഡോ. എം.എം ബഷീർ കാലിക്കറ്റ് സർവകലാശാലയിൽ അധ്യാപകനായിരന്നു. അമ്പതോളം പുസ്തകങ്ങളുടെ രചയിതാവാണ്. 1940ൽ, തിരുവനന്തപുരത്തെ കണിയാപുരത്താണ് ഡോ.എം.എം ബഷീർ ജനിച്ചത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്ന് എംഎ പാസായി, കേരള യൂണിവേഴ്സിറ്റിയിൽ ഗവേഷണം ചെയ്തു. പഠനകാലത്തുതന്നെ കർമ്മഭൂമി സായാഹ്ന പത്രത്തിൽ പ്രവർത്തിച്ചു. പിൽക്കാലത്ത് പലകാലങ്ങളിൽ ഗ്രന്ഥാലോകം, മലയാളവിമർശം, സാഹിത്യലോകം, സംസ്കാരകേരളം, കേരളകവിത തുടങ്ങിയ നിരവധി സാഹിത്യ മാസികകളുടെ പത്രാധിപരായി. കാലിക്കറ്റ് സർവകലാശാലയിലെ മലയാളം വിഭാഗത്തിൽ ലക്ചററായി അധ്യാപക ജീവിതം ആരംഭിച്ച് കാലാവധി പൂർത്തിയാക്കി അവിടുന്നുതന്നെ വിരമിച്ചു.

മലയാള സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ ഡോ. എം.എം ബഷീർ 50 ലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. പുത്തേഴത്ത് രാമൻമേനോൻ അവാർഡ് (1989), സി.ജെ. സ്മാരക ഡോ.എബ്രഹാം വടക്കേൽ അവാർഡ് (1993), അബുദാബി ശക്തി അവാർഡ് (2016), കേരള സാഹിത്യ പരിഷത്ത് അവാർഡ് (2017) എന്നിവ ലഭിച്ചിട്ടുണ്ട്. 2008ൽ, രണ്ടുഭാഗങ്ങളിലായി കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുള്ള 'മലയാള ചെറുകഥാ സാഹിത്യ ചരിത്രം'1950 മുതൽ 2007 വരെയുള്ള കഥകളെ ആസ്പദമാക്കിയുള്ള പഠനമാണ്.



# വനിതകൾക്ക് സൗജന്യ കൗൺസിലിംഗ് സെന്റർ; 'ഇടം' ഒരുക്കി വിഗാർഡ്

**കൊച്ചി:** വനിതകൾക്കായി സൗജന്യ കൗൺസിലിംഗ് സെന്റർ സംവിധാനം സജ്ജമാക്കി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. കമ്പനിയുടെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 'ഇടം' എന്ന ഈ പദ്ധതി വെൽഫെയർ സർവ്വീസസ് (സഹൃദയ) എറണാകുളവുമായി ചേർന്നാണ് നടപ്പാക്കുന്നത്. കൊച്ചിയിൽ ആരംഭിച്ച കൗൺസിലിംഗ് സെന്റർ ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. ഡോ. റീന മിഥുൻ ചിറ്റിലപ്പള്ളി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

സമൂഹത്തിൽ വികസനത്തോടൊപ്പം തന്നെ ആ സമൂഹത്തിലെ ജനതയുടെ മാനസിക ആരോഗ്യവും സുപ്രധാനമാണ്. എന്നാൽ താനനുഭവിക്കുന്ന മാനസീകപ്രയാസങ്ങൾ മറ്റൊരാളോട് തുറന്നുപറയാൻ കൂടുതൽ പേരും തയ്യാറാകാറില്ലെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് ഹൈബി ഈഡൻ എം.പി. പറഞ്ഞു. വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ആരംഭിച്ചിരിക്കുന്ന 'ഇടം' ഒരു നിർണ്ണായക ചുവടുവയ്പ്പു തന്നെയാണെന്നും ഹൈബി ഈഡൻ എം.പി വ്യക്തമാക്കി.

സ്ത്രീകളുടെ മാനസീകാരോഗ്യത്തിന്റെ പ്രാധാന്യം കൂടുതൽ ഉറക്കെ ചർച്ച ചെയ്യപ്പെടുന്നതിനാണ് 'ഇട'ത്തിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഡോ. റീന മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. 'ഇടം' വെറുമൊരു കൗൺസിലിംഗ് സെന്റർ മാത്രമല്ല, മറിച്ച് മുന്നോട്ട് പോകുവാനുള്ള കരുത്തും പ്രതീക്ഷയും പകർന്നുകൊണ്ട് ഓരോ സ്ത്രീയെയും ശാക്തീകരിക്കുന്നതിനുള്ള ചുവടുവയ്പ്പാണെന്നും ഡോ. റീന മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു.

വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് എ. ശ്രീകുമാർ, സിഎസ്ആർ ചീഫ് ഓഫീസർ കെ. സനീഷ്, സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, അസി. എക്സ്ക്യൂട്ടീവ് ഡയറക്ടർ ഫാ. സിബിൻ തോമസ്, എറണാകുളം ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ കെ.ജെ ജോൺ ജോഷി, തൃക്കാക്കര ഭാരത മാതാ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ എ. ദൃശ്യ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങളിൽ പങ്കെടുത്തു.സൗജന്യവും പൂർണമായും വിശ്വസനീയവുമായ കൗൺസിലിംഗ് സേവനമാണ് 'ഇടം' ഒരുക്കിയിരിക്കുന്നത്. മികച്ച പ്രൊഫഷണലുകളാണ് കൗൺസിലർമാരായി പ്രവർത്തിക്കുക. പൊന്നുരുന്നി വെൽഫെയർ സർവീസസിന്റെ ക്യാംപസിലാണ് 'ഇടം' കൗൺസിലിംഗ് സെന്റർ.

കൗൺസിലിംഗ് സേവനങ്ങൾക്കായി 9847610707 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തിങ്കൾ മുതൽ ശനി വരെ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് 'ഇട'ത്തിന്റെ പ്രവർത്തന സമയം.




**വി.എച്ച്.പിയുടെ നേതൃത്വത്തിൽ നടത്തുന്ന ഹിന്ദു വിശ്വ പ്രചാര മാസത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം വി.എച്ച്.പി അന്താരാഷ്ട്ര സെക്രട്ടറി ജനറൽ ബജ്രംഗ ലാൽ ബാംഗ്ര നിർവ്വഹിക്കുന്നു. പ്രസന്ന ബാഹുലേയൻ, കാ ഭാ സുരേന്ദ്രൻ, വിജി തമ്പി, റിട്ട. ജസ്റ്റിസ് പി. എൻ രവീന്ദ്രൻ , ശ്രീകുമാരി രാമചന്ദ്രൻ, എ. ശ്രീകുമാർ തുടങ്ങിയവർ സമീപം.**

# വി.എച്ച്.പി ഹിന്ദുവിശ്വ പ്രചാരമാസത്തിന് തുടക്കം

**കൊച്ചി:** വി.എച്ച്.പിയുടെ നേതൃത്വത്തിൽ നടത്തുന്ന ഹിന്ദു വിശ്വ പ്രചാര മാസത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കൊച്ചിയിൽ നടന്നു. എറണാകുളം ബിടിഎച്ചിൽ നടന്ന സമ്മേളനത്തിൽ വി.എച്ച്.പി അന്താരാഷ്ട്ര സെക്രട്ടറി ജനറൽ ബജ്രംഗ ലാൽ ബാംഗ്ര ഉദ്ഘാടനം നിർവ്വഹിച്ചു. വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ അനിൽ വിളയിൽ, കുരുക്ഷേത്ര എം.ഡി കാ ഭാ സുരേന്ദ്രൻ, റിട്ട. ജസ്റ്റിസ് പി. എൻ രവീന്ദ്രൻ, കവയിത്രി ശ്രീകുമാരി രാമചന്ദ്രൻ , വി.എച്ച്.പി സംസ്ഥാന സംഘടനാ സെക്രട്ടറി കെ. ആർ കണ്ണൻ, സംസ്ഥാന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അബിനു സുരേഷ് , ജില്ലാ പ്രസിഡന്റ് എ. ശ്രീകുമാർ, സംസ്ഥാന ട്രഷറർ വി. ശ്രീകുമാർ, വിഭാഗ് സെക്രട്ടറി കെ. എൻ സജീവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സ്താനാർബുദ ബോധവൽക്കരണം: കയാക്കിംഗും ദീപശിഖ കൈമാറലും നാളെ കൊച്ചിയിൽ

**കൊച്ചി:** സ്താനാർബുദത്തെ ചെറുത്ത് തോൽപ്പിക്കുന്നതിന് വനിതകളെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി (കെഎഫ്ഒജി), അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ ഓങ്കോളജിസ്റ്റ് ഓഫ് ഇന്ത്യ കേരള ചാപ്റ്റർ എന്നിവരുടെ സഹകരണത്തോടെ കൊച്ചി ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റിയും ലേക്ഷോർ ആശുപത്രിയും സംയുക്തമായി ബോധവൽക്കരണ പരിപാടിയും ഫ്ളാഷ് മോബും സംഘടിപ്പിക്കുന്നു. നാളെ (ഒക്ടോബർ 12, ഞായർ) എറണാകുളം മറൈൻ ഡ്രൈവ് വാക്ക് വേയിൽ വൈകിട്ട് 4ന് ദീപശിഖാ കൈമാറലും കൊച്ചി കായലിൽ കയാക്കിംഗും നടക്കും. പൊതുയോഗത്തിന്റെ ഉദ്ഘാടനവും കയാക്കിംഗ് ഫ്ളാഗ് ഓഫും ടി.ജെ.വിനോദ് എം.എൽ.എ നിർവ്വഹിക്കും. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തും. നിഷാ ജോസ് കെ. മാണി, ഡോ. ചിത്രതാര എന്നിവർ മുഖ്യതിഥികളായിരിക്കും. കെഎഫ്ഒജി പ്രസിഡന്റ് ഡോ. സുചിത്ര സുധീർ ദീപശിഖ കൈമാറൽ നിർവ്വഹിക്കും.

കെഎഫ്ഒജി ബ്രെസ്റ്റ് ക്യാൻസർ പ്രിവെൻഷൻ കോ-ഓർഡിനേറ്റർ ഡോ. ഉഷാ മേനോൻ ആമുഖ പ്രഭാഷണം നടത്തും. കോലഞ്ചേരി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളാണ് ഫ്ളാഷ്മോബ് നടത്തുക. സ്താനാർബുദത്തെ അതിജീവിച്ച 25 പേരെ ചടങ്ങിൽ ആദരിക്കും. തുടർന്ന് വാക്കത്തോണും ഉണ്ടായിരിക്കും.

# ഫിസിഷ്യൻ അസോസിയേറ്റ്സ് വാരാചരണം സംഘടിപ്പിച്ചു

**കൊച്ചി:** ആരോഗ്യരംഗത്ത് ഫിസിഷ്യൻ അസോസിയേറ്റ്സിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്ന കാലഘട്ടമാണിതെന്ന് സൊസൈറ്റി ഒഫ് ഫിസിഷ്യൻ അസോസിയേറ്റ്സ് സംഘടിപ്പിച്ച ഫിസിഷ്യൻ അസോസിയേറ്റ്സ് വാരാചരണം ഉദ്ഘാടനം ചെയ്തുകൊണ്ട് എറണാകുളം അസി. കളക്ടർ പാർവതി ഗോപകുമാർ പറഞ്ഞു. പന്ത്രണ്ടാം വയസിൽ സംഭവിച്ചഅപകടത്തിൽ തന്റെ ഒരു കൈ നഷ്ടമായപ്പോൾ ഡോക്ടർമാരും ആശുപത്രി ജീവനക്കാരും നൽകിയ പിന്തുണ മറക്കാനാവില്ല. പുതിയകാലത്തെ ചികിത്സയിൽ സ്നേഹസ്പർശമായി ഫിസിഷ്യൻ അസോസിയേറ്റുമാർക്ക് മാറാനാകുമെന്നും അവർ അഭിപ്രായപ്പെട്ടു. സൊസൈറ്റി പ്രസിഡന്റ് എബിൻ എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. അംഗത്വ പോർട്ടലിന്റെ ഉദ്ഘാടനം സി. ശ്രീകല ഉദ്ഘാടനം നിർവഹിച്ചു. ഡോ. സജി കുരുട്ടുകുളം, സെബി ജോസഫ്, അമൃത സ്കൂൾ ഓഫ് മെഡിസിനിലെ പി.എ വിദ്യാർത്ഥിനി ഗായത്രി ദേവി എന്നിവരെ വിവിധ അവാർഡുകൾ നൽകി ആദരിച്ചു.

ഡോ. സണ്ണി പി.ഓരത്തേൽ, ഡോ. ദിലീപ് പണിക്കർ, ഡോ. ആബേൽ ജോർജ്, വി.ജി. പ്രസാദ്, സൊസൈറ്റി സെക്രട്ടറി ദീപക് നാരായൻ എന്നിവർ പ്രസംഗിച്ചു.

# പൾസ് പോളിയോ പ്രതിരോധ യജ്ഞം നാളെ

**കൊച്ചി:** ഒക്ടോബർ 12 പൾസ് പോളിയോ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ അഞ്ചു വയസ്സിന് താഴെയുള്ള 1,89,307 കുട്ടികൾക്ക് നാളെ പോളിയോ തുള്ളി മരുന്ന് നൽകും.

ഇതിനായി 1947 ബൂത്തുകളാണ് സജ്ജീകരിക്കുന്നത്. സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, അങ്കണവാടികൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 1940 ബൂത്തുകൾ പ്രവർത്തിക്കും. കൂടാതെ ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബോട്ട് ജെട്ടികൾ, മെട്രോ സ്റ്റേഷനുകൾ, എയർപോർട്ട് എന്നിവിടങ്ങളിലായി 40 കേന്ദ്രങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകളും ക്രമീകരിക്കും. ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും, കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുന്നതിനായി 64 മൊബൈൽ ടീമുകളെ സജ്ജമാക്കിയിട്ടുണ്ട് പൾസ് പോളിയോ ദിനത്തിൽ അഞ്ചു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളെയും തൊട്ടടുത്തുള്ള ബൂത്തിലെത്തിച്ച് പോളിയോ തുള്ളി മരുന്ന് നൽകണം. ഏതെങ്കിലും കാരണവശാൽ ഒക്ടോബർ 12 ന് തുള്ളി മരുന്ന് നൽകാൻ സാധിക്കാത്തവർക്ക് ആരോഗ്യ പ്രവർത്തകർ അടുത്ത രണ്ടു ദിവസങ്ങളിൽ വീടുകളിലെത്തി വാക്സിൻ നൽകുന്നതായിരിക്കും. ബൂത്തുകളിൽ സേവനമനുഷ്ഠിക്കുന്നതിനായി ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകി നിയോഗിച്ചിട്ടുണ്ട്. സമൂഹം പോളിയോ മുക്തമായി നിലനിർത്തുന്നതിനുള്ള ഈ ഉദ്യമത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് ജില്ലാ ഭരണകൂടം അഭ്യർഥിച്ചു.

# വിദ്യാർത്ഥികളുമായി സംവദിച്ച് ബിനാലെ ക്യൂറേറ്റർ നിഖിൽ ചോപ്ര



**കൊച്ചി:** തൃപ്പൂണിത്തുറ ചോയ്സ് സ്കൂളിലെ വിദ്യാർഥികളും കൊച്ചി മുസരിസ് ബിനാലെ ആറാം പതിപ്പിന്റെ ക്യൂറേറ്ററുമായ നിഖിൽ ചോപ്രയും നടത്തിയ സംവാദം വിദ്യാർത്ഥികൾക്ക് വ്യത്യസ്ത അനുഭവമായി. സ്വന്തം സ്വത്വത്തിൽ നിന്നു മാറി ഓസ്ട്രേലിയക്കാരനായ നൈജൽ എന്ന കഥാപാത്രമായാണ് നിഖിൽ വിദ്യാർത്ഥികൾക്ക് മുന്നിലെത്തിയത്.

അതിർത്തികളും വിഭജനങ്ങളും മനുഷ്യനിർമ്മിതമാണ്, എന്നാൽ അത്തരം നിയമങ്ങളെ ധിക്കരിക്കാനും സമൂഹങ്ങൾ തമ്മിലുള്ള വിടവുകൾ നികത്താനും കലാകാരന്മാർക്ക് സ്വാതന്ത്ര്യമുണ്ടെന്ന് സാങ്കൽപ്പിക ഓസ്ട്രേലിയൻ കഥാപാത്രമായ നൈജൽ പറഞ്ഞു. ഓസ്ട്രേലിയൻ ശൈലിയിലുള്ള സംസാരത്തോടെ നൈജൽ, നിഖിലിന്റെ കലാപരമായ യാത്രയും കലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും വിദ്യാർത്ഥികൾക്ക് മുന്നിൽ അവതരിപ്പിച്ചു.കല എന്നത് കേവലം ഗാലറികൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയുള്ളതല്ല, മറിച്ച് അതൊരു ജീവനുള്ള ശക്തിയാണ് എന്ന് കാണിക്കാനുമുള്ളതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംവാദവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ വിദ്യാർത്ഥികൾ പങ്കുവച്ചു.

സ്കൂളിലെ ആർട്ട് ഗാലറി സന്ദർശിച്ച നിഖിൽ ആർട്ട് ഡിപ്പാർട്ട്മെന്റ് അധ്യാപകരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

# വിഷൻ 2031: ടൂറിസം വകുപ്പിന്റെ സെമിനാർ ഒക്ടോബർ 25 ന് കുട്ടിക്കാനത്ത്

**ഇടുക്കി:** വിഷൻ 2031 സംസ്ഥാനതല വിഷയാധിഷ്ഠിത സെമിനാറുകളുടെ ഭാഗമായി ഇടുക്കി ജില്ലയിൽ ഒക്ടോബർ 25 ന് കുട്ടിക്കാനത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സെമിനാർ നടക്കും. സെമിനാറിന് മുന്നോടിയായി കളക്ടറേറ്റിൽ ചേർന്ന ആലോചനയോഗം ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് അധ്യക്ഷത വഹിച്ചു. ടൂറിസത്തിന്റെ വളർച്ചയും ഭാവിയിലെ ടൂറിസവും ടൂറിസത്തിന്റെ വിവിധ മേഖലകളും സെമിനാറിൽ ചർച്ചയാകും. എട്ടു പാനലിലായി 100 വിഷയവിദഗ്ദർ സെമിനാറിന് നേതൃത്വം നല്കും.

വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിക്കുന്നത്. സെമിനാറിന്റെ കാര്യക്ഷമമായ നടത്തിപ്പിന് സെമിനാർ, പ്രോഗ്രാം, അക്കോമഡേഷൻ, ഫുഡ്, പബ്ലിസിറ്റി, ട്രാഫിക്, തുടങ്ങി വിവിധ ഉപസമിതികളടങ്ങിയ സംഘാടക സമിതി രൂപീകരിച്ചു. യോഗത്തിൽ എം.എൽ.എമാരായ എം.എം മണി, എ. രാജ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാംകുന്നേൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷാകുമാരി മോഹൻകുമാർ എന്നിവർ ഓൺലൈനായും ഇടുക്കി സബ് കളക്ടർ അനൂപ് ഗാർഗ്, ടൂറിസം മന്ത്രിയെ പ്രതിനിധീകരിച്ചു ശബരീഷ് കുമാർ, ടൂറിസം വകുപ്പ് അഡീഷണൽ സെക്രട്ടറി ജഗദീഷ്, ടൂറിസം റീജ്യണൽ ജോയിന്റ് ഡയറക്ടർ സുബൈർകുട്ടി, ജില്ലാ ആസൂത്രണസമിതി ഉപാധ്യക്ഷൻ സി. വി വർഗീസ്, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ഷൈൻ കെ.എസ്, ഡി.ടി.പി.സി സെക്രട്ടറി ജിതീഷ് ജോസ്, വിവിധ വകുപ്പ് മേധാവികൾ, കക്ഷി രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഇടപ്പള്ളി ഐ.സി.ഡി.എസ് ഓഫീസിലെ ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ഒക്ടോബർ 21ന് ഉച്ചയ്ക്ക് 3 വരെ ടെൻഡർ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഇടപ്പള്ളി ഐസിഡിഎസ് പ്രൊജക്റ്റ് ഓഫീസുമായി ബന്ധപ്പെടുക. 0484-2421383 9188959722

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം (അഡീഷണൽ ) ഐസിഡിഎസ് പ്രൊജക്ട് ഓഫീസിലെ ഉപയോഗത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു.

ഒക്ടോബർ 13 ഉച്ചയ്ക്ക് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കോതമംഗലം (അഡീഷണൽ) ശിശുവികസന ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. 0485-2828161, 9447830178

### ഹെൽപ്പർ നിയമനം

**കൊച്ചി:** മൂവാറ്റുപുഴ അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലെ കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി കം ക്രഷിലേക്ക് ഹെൽപ്പർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 11,12 വാർഡുകളിലെയോ തൊട്ടടുത്ത വാർഡുകളിലെയോ സ്ഥിരം താമസക്കാരായ എസ് എസ് എൽ സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 10 വൈകീട്ട് അഞ്ചു വരെ. 0485-2810018 9947864784

### അഭിമുഖം

**കൊച്ചി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഇടപ്പള്ളി,കാക്കനാട് വർക്കിങ് വുമൺസ് ഹോസ്റ്റലിൽ ഹോസ്റ്റൽ മേട്രൺ, ഹോസ്റ്റൽ വാർഡൻ എന്നീ തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. ഓരോ ഒഴിവുകളാണ് ഉള്ളത്. എസ് എസ് എൽ സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എറണാകുളം ജില്ലയിലുള്ളവർക്ക് മുൻഗണന. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 17 രാവിലെ 11.30ന് എറണാകുളം ഡിവിഷൻ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. kshbekmdn@gmail.com, 0484-2369059

### സ്റ്റാഫ് നേഴ്സ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. മെഡിസെപ് പദ്ധതിക്ക് കീഴിൽ ആറ് മാസം കാലയളവിലേക്ക് ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനം.

പ്ലസ് ടു / പ്രീഡിഗ്രി /വി.എച്ച്. എസ്.ഇ / അംഗീകൃത സ്ഥാപനത്തിൽ നിന്ന് ഡൊമസ്റ്റിക് നഴ്സിങ്ങിൽ വി.എച്ച്. എസ്.ഇ അല്ലെങ്കിൽ തതുല്യം, ബി.എസ്.സി നേഴ്സിങ് അല്ലെങ്കിൽ ജനറൽ നേഴ്സിങ്ങും സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും മൂന്നുവർഷത്തിൽ കുറയാത്ത മിഡ്വൈഫറി കോഴ്സ്, കേരള നേഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (സ്ത്രീ ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ നേഴ്സായും മിഡ്വൈഫായും പുരുഷ ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ നേഴ്സായും ഉള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ) എന്നിവയാണ് യോഗ്യത. പ്രായം 18 മുതൽ 36 വരെ.

### പ്രവാസി കമ്മീഷൻ അദാലത്ത് 14ന്

**കോട്ടയം:** പ്രവാസി കമ്മീഷൻ അദാലത്ത് ഒക്ടോബർ 14ന് രാവിലെ 10 മണി മുതൽ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്, കമ്മീഷൻ അംഗങ്ങളായ പി.എച്ച് ജാബിർ, ഡോ.മാത്യൂസ് കെ.ലൂക്കോസ്, എം.എം നഈം, ജോസഫ് ദേവസ്യ പൊന്മാറ്റം, സെക്രട്ടറി ആർ. ജയറാം കുമാർ എന്നിവർ പങ്കെടുക്കും. പ്രവാസികളെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളും അദാലത്തിൽ ഉന്നയിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2322311.

### ഓവർസിയർ നിയമനം

**കോഴിക്കോട്:** കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഓവർസിയർ തസ്തികയിൽ കരാർ നിയമനത്തിന് ഒക്ടോബർ 15ന് രാവിലെ 11ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ അഭിമുഖം നടത്തും. യോഗ്യത: ബി.ടെക്ക് സിവിൽ എഞ്ചിനീയറിങ്/മൂന്ന് വർഷ പോളിടെക്നിക്ക് സിവിൽ ഡിപ്ലോമ/രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റ്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും സഹിതം നേരിട്ടെത്തണം. ഫോൺ: 0496-2565834.

### ട്രേഡ്സ്മാൻ നിയമനം

**കോഴിക്കോട്:** കോഴിക്കോട് ഗവ. എൻജിനീയറിങ് കോളേജിൽ ദിവസ വേതനത്തിൽ ട്രേഡ്സ്മാനെ (സ്മിത്തി ഫൗണ്ടറി) നിയമിക്കും. പിഎസ്സി നിർദേശിച്ച വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവർ ഒക്ടോബർ 13ന് രാവിലെ 10.30ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൂടിക്കാഴ്ചക്കെത്തണം. വിവരങ്ങൾക്ക്: http://geckkd.ac.in.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സിയറ്റ് ക്രിക്കറ്റ് റേറ്റിങ് അവാർഡ്സ്: സഞ്ജു സാംസൺ മികച്ച ടി20 ബാറ്റ്സ്മാൻ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടയർ നിർമാതാക്കളായ സിയറ്റ്, സിയറ്റ് ക്രിക്കറ്റ് റേറ്റിങ് (സിസിആർ) അവാർഡ്സിന്റെ 27ാം പതിപ്പ് സംഘടിപ്പിച്ചു. ക്രിക്കറ്റ് ലോകത്തിന് നൽകിയ മഹത്തായ സംഭാവനകൾക്ക് വെസ്റ്റിൻഡീസ് ഇതിഹാസ താരം ബ്രയാൻ ലാറയെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. ഇംഗ്ലീഷ് താരം ജോ റൂട്ടിനാണ് സിയറ്റ് മെൻസ് ഇന്റർനാഷണൽ ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരം. മലയാളി താരം സഞ്ജു സാംസൺ ആണ് ഏറ്റവും മികച്ച പുരുഷ ടി20 ബാറ്റർ. വരുൺ ചക്രവർത്തി ഈ വിഭാഗത്തിൽ ഏറ്റവും മികച്ച ബൗളറായും തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച ഏകദിന ബൗളർ-മാറ്റ് ഹെന്റി, മികച്ച ഏകദിന ബാറ്റർ-കെയിൻ വില്യംസൺ, മികച്ച ടെസ്റ്റ് ബാറ്റ്സ്മാൻ-ഹാരി ബ്രൂക്ക്, മികച്ച ടെസ്റ്റ് ബൗളർ-പ്രഭാത് ജയസൂര്യ, വിമൺസ് ഇന്റർനാഷണൽ ബാറ്റർ ഓഫ് ദ ഇയർ-സ്മൃതി മന്ദാന, വിമൺസ് ഇന്റർനാഷണൽ ബൗളർ ഓഫ് ദ ഇയർ-ദീപ്തി ശർമ, ഡൊമസ്റ്റിക് ക്രിക്കറ്റർ ഓഫ് ദ ഇയർ-ഹർഷ് ദുബെ, ലൈഫ് ടൈം അച്ചീവ്മെന്റ് ഓഫ് ദ ഇയർ -ബി.സി ചന്ദ്രശേഖർ. 2025 ഐസിസി ചാമ്പ്യൻസ് ട്രോഫി നേടാൻ ഇന്ത്യയെ നയിച്ച ക്യാപ്റ്റൻ രോഹിത് ശർമ, ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ റൺസ് നേടിയ ശ്രേയസ് അയ്യർ, മാതൃകാപരമായ ക്യാപ്റ്റൻസിക്ക് ടെംബ ബാവുമ എന്നിവരെയും പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു. തങ്ങളുടെ മനോബലവും അർപ്പണബോധവും കൊണ്ട് ഈ കായികവിനോദത്തെ നിർവചിച്ചവരെ ആദരിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും, ഒപ്പം അവരുടെ ഈ യാത്രയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്നും ആർപിജി ഗ്രൂപ്പ് ചെയർമാൻ ഹർഷ് ഗോയങ്ക പറഞ്ഞു.

# ടിസിഎസിനു കഴിഞ്ഞ വർഷത്തേക്കാൾ ലാഭം

**മുംബൈ:** ടാറ്റ കൺസൾട്ടൻസി സർവീസസ് നടപ്പു സാമ്പത്തിക വർഷത്തിലെ സെപ്റ്റംബർ പാദത്തിൽ അവരുടെ സംയോജിത ലാഭം കഴിഞ്ഞ വർഷത്തേക്കാൾ 1.4 ശതമാനം വർധിച്ച് 12,075 കോടി രൂപയായി റിപ്പോർട്ട് ചെയ്തു.




കഴിഞ്ഞ വർഷം ഇതേ പാദത്തിൽ കമ്പനിയുടെ ലാഭം 11,909 കോടി രൂപയായിരുന്നു. എന്നാൽ, കഴിഞ്ഞ പാദത്തേക്കാൾ ടിസിഎസിന്റെ ലാഭം 5.4 ശതമാനം കുറഞ്ഞു. 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ടിസിഎസിന്റെ സംയോജിത ലാഭം 12,760 കോടി രൂപയായിരുന്നു.

അവലോകന പാദത്തിലെ പ്രവർത്തനങ്ങളിൽനിന്നുള്ള ഏകീകൃത വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ പാദത്തിലെ 64,259 കോടി രൂപയിൽനിന്ന് 2.4 ശതമാനം വർധിച്ച് 65,799 കോടി രൂപയായി.

ടിഎസിഎസിന്റെ ഉടമകൾക്ക് ഒരു രൂപ വീതമുള്ള ഓരോ ഇകിറ്റി ഷെയറിനും 11 രൂപ നിരക്കിൽ രണ്ടാമത്തെ ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചു.

രണ്ടാം പാദ വരുമാന പ്രഖ്യാപന വേളയിൽ യുഎസ് ആസ്ഥാനമായുള്ള ലിസ്റ്റ്എഞ്ചേജിനെ ഏറ്റെടുക്കുന്നതായി ടിസിഎസ് പ്രഖ്യാപിച്ചു. ലോകോത്തര എഐ അടിസ്ഥാനമാക്കിയുള്ള സൗകര്യങ്ങൾ നിർമിക്കുകയെ ലക്ഷ്യത്തോടെയാണ് ഈ ഏറ്റെടുക്കൽ. ബോർഡ് യോഗത്തിൽ ഏറ്റെടുക്കൽ അംഗീകരിച്ചു. 72.8 മില്യൺ ഡോളറിനാണ് ഏറ്റെടുക്കൽ.

സെയിൽസ്ഫോഴ്സ് പ്രാക്ടീസ് മെച്ചപ്പെടുത്തുന്നതിനും ഏജൻറിക് എഐ കഴിവുകൾ വർധിപ്പിക്കുന്നതിനുമായി ടിസിഎസ് നടത്തുന്ന തന്ത്രപരമായ നിക്ഷേപമാണിത്.

സെയിൽസ്ഫോഴ്സിന്റെ എക്സ്ക്ലൂസീവ് ഡിജിറ്റൽ മാർക്കറ്റിംഗ് ഏജൻസിയും കൺസൾട്ടിംഗ് പങ്കാളിയുമാണ് ലിസ്റ്റ്എഞ്ചേജ്, സെയിൽസ് ഫോഴ്സ് ഉപയോഗിച്ച് ബിസിനസുകളെ അവരുടെ ഉപഭോക്തൃ ഇടപെടൽ ഒപ്റ്റിമൈസ് ചെയ്യുന്നതിനും പരിവർത്തനം ചെയ്യുന്നതിനും സഹായിക്കുന്നതിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

2003ൽ മസാച്യുസെറ്റ്സിൽ സ്ഥാപിതമായ ലിസ്റ്റ്എഞ്ചേജ്, സെയിൽസ്ഫോഴ്സ് മാർക്കറ്റിംഗ് ക്ലൗഡ്, ഡാറ്റ ക്ലൗഡ്, സിആർഎം, സർവീസ് ക്ലൗഡ്, അനുബന്ധ മേഖലകളിൽ വൈദഗ്ധ്യം വാഗ്ദാനം ചെയ്യുന്നു.

# പുതിയ മെനുവുമായി ആകാശ എയർ

**കൊച്ചി:** ഇന്ത്യയിൽ അതിവേഗം വളരുന്ന ആകാശ എയർ, അതിന്റെ ഉടമസ്ഥതയിലുള്ള ബ്രാൻഡായ കഫേ ആകാശയിൽ ഇൻഫ്ളൈറ്റ് ഡൈനിംഗ് പ്രോഗ്രാമിന്റെ മൂന്നാമത്തെ പരിഷ്കരണം നടത്തി. ആരോഗ്യം, ആഹ്ലാദം, പാചക നവീകരണം എന്നിവയുടെ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഈ പുതുക്കിയ മെനു വികസിപ്പിച്ചെടുത്തതെന്ന് ആകാശ എയർ അധികൃതർ വ്യക്തമാക്കി. യാത്രക്കാരുടെ മുൻഗണനയ്ക്ക് അനുസൃതമായി, ഉയർന്ന അളവിലുള്ള പരിചരണവും ശ്രദ്ധയും നൽകി പരിഷ്കരിച്ച ഓഫറുകൾ ക്യൂറേറ്റ് ചെയ്തിട്ടുണ്ടെന്നും ആകാശ എയർ അധികൃതർ വ്യക്തമാക്കി.

# ടോക്കണൈസേഷൻ സൊല്യൂഷൻ പുറത്തിറക്കി ഫോൺപേ

**കൊച്ചി:** മാസ്റ്റർകാർഡുമായി കൈകോർത്ത്, ഫോൺപേ പേയ്മെന്റ് ഗേറ്റ്വേ ഡിവൈസ് ടോക്കണൈസേഷൻ സൊല്യൂഷൻ പുറത്തിറക്കി. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025ൽ പ്രഖ്യാപിച്ച ഈ സംരംഭം മാസ്റ്റർകാർഡിന്റെ നെറ്റ്വർക്ക്ടോക്കണൈസേഷൻ ശേഷി ഫോൺപേയുടെ മർച്ചന്റ് പ്ലാറ്റ്ഫോമിൽ എത്തിക്കുകയും, ഓൺലൈൻ ബിസിനസുകൾക്ക് സുരക്ഷിതമായ പേയ്മെന്റ് ഓപ്ഷനുകൾ വിപുലീകരിക്കുകയും ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ചെക്കൗട്ട് അനുഭവം നൽകുന്നതിലെ ഒരു പ്രധാന നാഴികക്കല്ലാണിതെന്നും അധികൃതർ പറഞ്ഞു.

# പ്രീമിയം സർവീസ് സെന്ററുകൾ വിപുലമാക്കി ഷവോമി

**കൊച്ചി:** ഗ്ലോബൽ ടെക്നോളജി ബ്രാൻഡായ ഷവോമി ഇന്ത്യയിലെ പ്രധാന നഗരങ്ങളിലായി 10 പ്രീമിയം സർവീസ് സെന്ററുകൾ ആരംഭിച്ചു. കൊച്ചി, ബംഗളൂരു, ഹൈദരാബാദ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ചെന്നൈ, കൊൽക്കത്ത, ഡൽഹി, ജയ്പൂർ, മുംബൈ, പുണെ, അഹമ്മദാബാദ് എന്നിവിടങ്ങളിലും സെന്ററുകൾ ആരംഭിക്കും. മികച്ച സേവനാനുഭവം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭം. കമ്പനിയുടെ ദീർഘകാല പദ്ധതിയുടെ ഭാഗമായി രാജ്യത്ത് 100 പ്രീമിയം സെന്ററുകൾ കൂടി ആരംഭിക്കാനാണ് തീരുമാനം.

തങ്ങൾ ഉപഭോക്താക്കളുമായുള്ള ദീർഘകാല ബന്ധമാണ് ലക്ഷ്യമിടുന്നതെന്നും ഈ പ്രീമിയം സെന്ററുകൾ ഇന്ത്യയിലെ സേവന നിലവാരം ഉയർത്തുന്നതിലേക്കുള്ള വലിയ ചുവടുവയ്പ്പാണെന്നും ഷവോമി ഇന്ത്യയുടെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സുധിൻ മാതൂർ പറഞ്ഞു.



# മോൺട്ര ഇലക്ട്രിക് ഇവിയേറ്റർ അവതരിപ്പിച്ചു

**കൊച്ചി:** മോൺട്ര ഇലക്ട്രിക്കിന്റെ ഏറ്റവും പുതിയ സ്മോൾ കൊമേഴ്ഷ്യൽ വാഹനമായ ഇവിയേറ്റർ കേരളത്തിൽ അവതരിപ്പിച്ചു.

മോൺട്ര ഇലക്ട്രിക് എസ്സിവി സിഇഒ സാജു നായർ, മോൺട്ര ഇലക്ട്രിക് സൗത്ത് ആൻഡ് വെസ്റ്റ് സോണൽ ഹെഡ് ആർ. ശ്രീവത്സൻ, മാർക്കറ്റിംഗ് ഹെഡ് സതദിപ് ബാനർജി, ഓട്ടോബാൻ കോർപറേഷൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡൻറ് വി.കെ. അരുൺ, ഓട്ടോബാൻ കോർപറേഷൻ ജനറൽ മാനേജർ ശരത് മുർസിൽ എന്നിവർ ചേർന്നാണ് പുതിയ മോഡൽ അവതരിപ്പിച്ചത്.

ഏറ്റവും വലിയ എൽഎഫ്പി ബാറ്ററി, ഇ ആക്സിൽ, ഓവർ ദി എയർ അപ്ഡേറ്റുകൾ പോലുള്ള നൂതന സവിശേഷതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 7.4 കെഡബ്ല്യുഎച്ച് എസി ചാർജർ ഉപയോഗിച്ച് അഞ്ചു മണിക്കൂർ 15 മിനിറ്റിലും, 3.3 കെഡബ്ല്യുഎച്ച് എസി ചാർജർ ഉപയോഗിച്ച് 10 മണിക്കൂർ 40 മിനിറ്റിലും 30 കെഡബ്ല്യുഎച്ച് ഡിസി ഫാസ്റ്റ് ചാർജർ ഉപയോഗിച്ച് ഒരു മണിക്കൂർ 17 മിനിറ്റിലും 20 ശതമാനം മുതൽ 100 ശതമാനം വരെ പൂർണ ചാർജിംഗ് സാധ്യമാകും.

വാഹനത്തിനും ബാറ്ററിക്കും ഏഴു വർഷം അല്ലെങ്കിൽ 2.5 ലക്ഷം കിലോമീറ്റർ വരെ വാറന്റി നൽകുന്നു. ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് സൗകര്യവും കമ്പനി ലഭ്യമാക്കിയിട്ടുണ്ട്.

# ഗോപു നന്തിലത്ത് ജിമാർട്ടിൽ ദീപാവലി ഓഫർ തുടങ്ങി

**തൃശൂർ:** ഗൃഹോപകരണ ഇലക്ട്രോണിക്സ് ഡിജിറ്റൽ വിതരണശൃംഖലയായ ഗോപു നന്തിലത്ത് ജിമാർട്ടിൽ ദീപാവലി ഓഫറുകൾ തുടങ്ങി.

പുതുക്കിയ ജിഎസ്ടിക്ക് അനുസൃതമായി കമ്പനികൾ വരുത്തിയ വിലക്കുറവും എക്സ്റ്റൻഡഡ് വാറൻറിയും പൈൻലാബ്സ് പർച്ചേസിലൂടെ ലഭിക്കുന്ന ഒരു ഇഎംഐ ബാക്ക്കാഷ്ബാക്ക് ഓഫറും ജിമാർട്ട് വക്കാലക്കാ ഓഫറും ചേർന്ന് വമ്പൻ വിലക്കിഴിവാണ് ഉപയോക്താക്കളെ കാത്തിരിക്കുന്നത്.

ബജാജ്, എച്ച്ഡിബി, ഐഡിഎഫ്സി, ടിവിഎസ്സി എന്നീ ഫിനാൻസ് കമ്പനികളുമായി ചേർന്ന് ട്രിപ്പിൾ സീറോ സ്കീമിൽ പർച്ചേസ് ചെയ്യാം. പൈൻലാബ്സുമായി ചേർന്ന് ഇഎംഐയിലൂടെ പ്രമുഖ ബ്രാൻഡുകൾ കാഷ്ബാക്ക് ഓഫറുകളും ഒരുക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡുകളുടെ സ്മോൾ കിച്ചൺ അപ്ലയൻസസിന് 50 ശതമാനം വരെയുള്ള ഡിസ്കൗണ്ടുമുണ്ട്. എക്സ്ചേഞ്ച് ഓഫറിലൂടെ പഴയ ഇലക്ട്രോണിക് ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങുകയും ചെയ്യാം.

# കമ്പനിയിൽ വേർപെടുത്തൽ പദ്ധതിയില്ലെന്ന് മഹീന്ദ്ര ഗ്രൂപ്പ്

**മുംബൈ:** കമ്പനിയുടെ ഓട്ടോ, ട്രാക്ടർ ബിസിനസ് വേർപെടുത്താൻ ഒരു പദ്ധതിയുമില്ലെന്ന് മഹീന്ദ്ര ഗ്രൂപ്പ് വ്യക്തമാക്കി. മഹീന്ദ്ര ഗ്രൂപ്പിൽനിന്ന് ഓട്ടോ, ട്രാക്ടർ ബിസിനസുകൾ രണ്ടാക്കുമെന്ന റിപ്പോർട്ടുകൾ ചില മാധ്യമങ്ങളിൽ വന്നിരുന്നു.

ഈ ഊഹാപോഹങ്ങൾ കണക്കിലെടുത്ത്, ഓട്ടോ, ട്രാക്ടർ ബിസിനസുകൾ വിഭജിക്കാനുള്ള പദ്ധതിയില്ലെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് വ്യക്തമാക്കേണ്ടത് ആവശ്യമാണെന്ന് കമ്പനി സ്വയം കരുതുന്നതായി മഹീന്ദ്ര ഗ്രൂപ്പ് വ്യക്തമാക്കി.

കമ്പനിയുടെ പുനഃസംഘടനയുടെ ഭാഗമായി മഹീന്ദ്ര ഗ്രൂപ്പ് തങ്ങളുടെ പ്രധാന ബിസിനസുകളായ ട്രാക്ടറുകൾ, പാസഞ്ചർ വാഹനങ്ങൾ (ഇവി ഉൾപ്പെടെ), ട്രക്കുകൾ എന്നിവയെ സ്വതന്ത്ര സ്ഥാപനങ്ങളായി വേർതിരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. ഇതേത്തുടർന്നാണ് കമ്പനി ഔദ്യോഗിക വിശദീകരണം നടത്തിയത്.

# റെയിൽവെയുടെ രാജസ്ഥാൻ–ഗുജറാത്ത് ടൂറിസ്റ്റ് ട്രെയിൻ നവംബർ 25ന്

**കൊച്ചി:** ഇന്ത്യൻ റെയിൽവെയുടെ ഭാരത് ഗൗരവ് ട്രെയിനിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിൽ രാജ്യത്തെ സ്വകാര്യ മേഖലയിലെ ടൂർ ടൈംസുമായി സഹകരിച്ച് നടത്തുന്ന രാജസ്ഥാൻ, ഗുജറാത്ത്, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കുള്ള ഈ വർഷത്തെ പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ യാത്ര നവംബർ 25ന് ആരംഭിക്കും. രാജസ്ഥാനിലെ ജോധ്പൂർ, ജയ്സാൽമീർ, ജയ്പൂർ, അജ്മീർ, ഉദയ്പൂർ, ഗുജറാത്തിലെ ഏക്ത പ്രതിമ, ഹൈദരാബാദ് എന്നിവിടങ്ങൾ പാക്കേജിന്റെ ഭാഗമായി സന്ദർശിക്കും. റെയിൽവെ മന്ത്രാലയം യാത്രക്ക് 33 ശതമാനം സബ്സിഡി നൽകുന്നുണ്ട്. ഇത് കൂടാതെ സൗത്ത് സ്റ്റാർ റെയിലിന്റെ 50-ാമത് യാത്ര എന്ന നിലയിൽ അധ്യാപകർ, മുൻ സൈനികർ, സൈനിക സേവനത്തിലുള്ളവരുടെ കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക ഇളവുകളും നൽകും. 13 ദിവസം നീളുന്ന യാത്ര തിരുവനന്തപുരത്ത് നിന്ന് പുറപ്പെടും. കൊല്ലം, ആലപ്പുഴ, കായംകുളം, എറണാകുളം, തൃശൂർ, ഒറ്റപ്പാലം, പാലക്കാട് എന്നിവിടങ്ങളിൽ ട്രെയിനിന് സ്റ്റോപ്പുണ്ട്. യാത്രക്കാർക്ക് തൊട്ടടുത്ത സ്റ്റേഷനിലേക്ക് പിക്കപ്പ് സൗകര്യം നൽകും.

പിഎ സിസ്റ്റം, ഡെഡിക്കേറ്റഡ് കോച്ച് സെക്യൂരിറ്റി, ടൂർ മാനേജർമാർ, യാത്രാ ഇൻഷുറൻസ്, ഹോട്ടലുകൾ, കാഴ്ചകൾ കാണുന്നതിനുള്ള വാഹനങ്ങൾ, സൗത്ത് ഇന്ത്യൻ ഭക്ഷണം, പബ്ലിക് അനൗൺസ്മെന്റ് എന്റർടെയ്ൻമെന്റ് സിസ്റ്റം, ടൂർ മാനേജർമാർ, കോച്ചുകൾ തോറും പരിശീലനം നേടിയ സെക്യൂരിറ്റി ഉദ്യോഗസ്ഥർ, തുടങ്ങി നിരവധി സൗകര്യങ്ങളാണ് ഭാരത് ഗൗരവ് ട്രെയിൻ എന്ന പേരിലുള്ള സ്പെഷ്യൽ ട്രെയിനിൽ ലഭിക്കുക. ട്രെയിനിൽ ആകെ 650 യാത്രക്കാരെയാണ് ഉൾക്കൊള്ളുക. ഹോട്ടൽ താമസസൗകര്യം, യാത്രാ ഇൻഷുറൻസ് എന്നിവയും ഉൾപ്പെടുന്ന പാക്കേജിൽ യാത്രക്കാർക്ക് തങ്ങളുടെ മുഴുവൻ ലഗേജുകളും ഒരുമിച്ച് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യവും ട്രെയിനിലുണ്ട്.

സ്ലീപ്പർ ക്ലാസിന് 34,950 രൂപ, തേർഡ് എസിക്ക് 44,750 രൂപ, സെക്കൻഡ് എസിക്ക് 51,950 രൂപ, ഫസ്റ്റ് എസിക്ക് 64,950 രൂപ എന്നിങ്ങനെയാണ് നിരക്കുകൾ. സാധാരണ ട്രെയിനുകളിൽ നിന്ന് വ്യത്യസ്തമായി ഈ പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ ഐആർസിടിസി വെബ്സൈറ്റിൽ ബുക്കിംഗിന് ലഭ്യമല്ല. 7305858585 എന്ന നമ്പറിൽ ടൂർ ടൈംസിനെ ബന്ധപ്പെടുകയോ www.tourtimes.in സന്ദർശിക്കുകയോ ചെയ്ത് റിസർവേഷൻ നടത്താം.

# വിൻഡ്സർ ഇവി ഇൻസ്പയർ എഡിഷൻ പുറത്തിറക്കി എംജി മോട്ടോർസ്

**കൊച്ചി:** എം.ജി. മോട്ടോർ ഇന്ത്യ വിൻഡ്സർ ഇ.വിയുടെ പുതിയ ലിമിറ്റഡ് എഡിഷൻ മോഡൽ 'ഇൻസ്പയർ' പുറത്തിറക്കി. ഇന്ത്യയിൽ വിൻഡ്സർ ഒരുവർഷം പൂർത്തിയാക്കിയത് ആഘോഷിക്കുന്ന വേളയിലാണ് ഇൻസ്പെയർ എഡിഷനുമായി എം.ജി എത്തുന്നത്. ഇതിനകം തന്നെ 40,000 യൂണിറ്റുകൾ വിറ്റഴിച്ച വിൻഡ്സറിന്റെ പുതിയ പതിപ്പ് 300 യൂണിറ്റുകൾ മാത്രമായിരിക്കും വിപണിയിലെത്തുക. 16,64,800 എന്ന എക്സ് ഷോറും വിലയിൽ വാഹനം ലഭ്യമാകും. 9.99 ലക്ഷം രൂപ എന്ന ബി.എ.എ.എസ് വിലയിലും + 3.9/കിലോമീറ്റർ വ്യവസ്ഥയിൽ പുതിയ എഡിഷൻ ലഭിക്കും. ബുക്കിങ്ങ് ആരംഭിച്ച വാഹനം ഈ മാസം 15 മുതൽ ലഭ്യമാകും.



കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അദ്ദേഹത്തിന്റെ ഡൽഹിയിലെ വസതിയിൽ വെച്ചാണ് പുതിയ എഡിഷൻ അനാവരണം ചെയ്തത്. ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത രാജ്യത്തെ കൂടുതൽ ഹരിതാഭമായ ഒരു നാളയിലേക്ക് നയിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയിലെ തങ്ങളുടെ ഉപഭോക്താക്കൾ എം.ജി മോട്ടോർസിനൊപ്പം നടത്തിയ അവിശ്വസനീയമായ യാത്രയുടെ ആഘോഷമാണ് വിൻഡ്സർ ഇൻസ്പെയർ പതിപ്പെന്ന് ജെ.എസ്.ഡബ്ല്യൂ എം.ജി മോട്ടോർസ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ അനുരാഗ് മഹ്റോത്ര പറഞ്ഞു. ഒരു വർഷത്തിനുള്ള 40000 യൂണിറ്റുകൾ വിറ്റഴിച്ച വിൻഡ്സറിനോടുള്ള ഉപഭോക്താക്കളുടെ സ്നേഹത്തിനും വിശ്വാസത്തിനുമുള്ള മറുപടി സമ്മാനമാണ് ഇൻസ്പെയർ എഡിഷനെന്നും അദ്ദേഹം വ്യക്തമാക്കി.

# കൊച്ചി വാട്ടർ മെട്രോ പുതിയ ടെർമിനലുകൾ ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** കൊച്ചി വാട്ടർ മെട്രോയുടെ മട്ടാഞ്ചേരി, വില്ലിംഗ്ഡൺ ഐലന്റ് ടെർമിനലുകൾ ഇന്ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മട്ടാഞ്ചേരി ടെർമിനലിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ, നിയമ, കയർ വകുപ്പു മന്ത്രി പി രാജീവ് അധ്യക്ഷനായിരിക്കും. 38 കോടി രൂപ ചിലവിലാണ് രണ്ട് ടെർമിനലുകളും പണികഴിപ്പിച്ചത്. ഇതോടെ വാട്ടർ മെട്രോ ടെർമിനലുകളുടെ എണ്ണം 12 ആയി. 8000 ചതുരശ്രയടി വലിപ്പത്തിലുള്ള മട്ടാഞ്ചേരി ടെർമിനൽ പൈതൃകമുറങ്ങുന്ന ഡെച്ച് പാലസിന് തൊട്ടടുത്താണ്. പഴയ ഫെറി ടെർമിനലിന് അടുത്താണ് 3000 ചതുരശ്രയടി വിസ്തീർണമുള്ള വില്ലിംഗ്ഡൺ ഐലന്റ് ടെർമിനൽ. പൈതൃക സമ്പത്ത് സംരക്ഷണഭാഗമായി രണ്ട് ടെർമിനലുകളും പൂർണമായും



വെള്ളത്തിലാണ് നിർമിച്ചിരിക്കുന്നത്. വൃക്ഷങ്ങളും പച്ചപ്പും അതേപടി നിലനിർത്തിയിരിക്കുന്നു. മട്ടാഞ്ചേരിയിലെയും വില്ലിംഗഡൺ ഐലന്റിന്റെയും ചരിത്ര പൈതൃകത്തിന് ചേർന്ന നിർമാണ രീതിയാണ് അവലംബിച്ചിരിക്കുന്നത്. രണ്ട് പ്രദേശത്തെയും വാണിജ്യ, ബിസിനസ്, ടൂറിസം വികസനത്തിനും വാട്ടർമെട്രോയുടെ വരവ് ഊർജം പകരും.

# ഏകത്വ പദ്ധതിക്ക് തുടക്കം കുറിച്ച് എച്ച്എൽഎൽ

**കൊച്ചി:** ട്രാൻസ്ജെൻഡർ വിഭാഗത്തെ ശാക്തീകരിക്കുന്നതിനായി ഏകത്വ പദ്ധതിക്ക് തുടക്കം കുറിച്ച് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് (എച്ച്എൽഎൽ). കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന മിനിരത്ന പൊതുമേഖല സ്ഥാപനമായ എച്ച്എൽഎൽ തങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായാണ് പുതിയ പദ്ധതി ആരംഭിച്ചിരിക്കുന്നത്. എച്ച്എൽഎല്ലിന്റെ സാമൂഹിക വിദ്യാഭ്യാസ വികസന വിഭാഗമായ എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമി (എച്ച്എംഎ) നദി ഫൗണ്ടേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതി, തൊഴിൽ നൈപുണ്യ പരിശീലനം, സംരംഭകത്വ പിന്തുണ, മാനസികാരോഗ്യ ഇടപെടലുകൾ എന്നീ സേവനങ്ങൾ വഴി കേരളത്തിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനമാർഗ്ഗവും മാനസിക ക്ഷേമവും ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്തെ ഹാപ്പിനെസ് മെന്റൽ ഹെൽത്ത് കഫേ ആന്റ് തെറാപ്പിക് സെന്ററിൽ വച്ച് നടന്ന ചടങ്ങിൽ എച്ച്എൽഎൽ വൈസ് പ്രസിഡന്റ് ഡോ. എസ്.എം ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ഷംനാദ് ഷംസുദീൻ, കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ പ്രിൻസിപ്പാൽ സലിം കുമാർ എന്നിവർ ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ നദി ഫൗണ്ടേഷൻ ഡയറക്ടർ പി.ബി പ്രബിൻ പ്രസംഗിച്ചു. പ്രോജക്ട് കോഡിനേറ്റർ ശാക്യ എസ്. പ്രിയംവദ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഗുണഭോക്താകൾക്കായി വിശദീകരിച്ചു.

## ഇന്ത്യൻ ശാസ്ത്ര പര്യവേഷണം: സയന്റിസ്റ്റ് ഡോ. ടോംസ് സി. ജോസഫിനെ തിരഞ്ഞെടുത്തു



**കൊച്ചി:** ഇന്ത്യയുടെ അന്റാർട്ടിക്കയിലേക്കുള്ള 45ാമത് ശാസ്ത്ര പര്യവേഷണത്തിന്റെ ഭാഗമാകാൻ കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി. ജോസഫിനെ തിരഞ്ഞെടുത്തു. ഇന്ത്യാ ഗവൺമെന്റിന്റെ ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ആണ് 45ാമത് ശാസ്ത്ര പര്യവേഷണം സംഘടിപ്പിക്കുന്നത്. ഏറ്റവും ദുർബലമായ അന്റാർട്ടിക് ആവാസവ്യവസ്ഥയിൽ മൈക്രോപ്ലാസ്റ്റിക്കുകൾ എങ്ങനെ രോഗകാരികളുടെയും ആന്റിമൈക്രോബിയൽ പ്രതിരോധ ജീനുകളുടെയും വാഹകരാകും എന്നതിനെക്കുറിച്ചാണ് ഡോ. ടോംസ് സി. ജോസഫ്, തന്റെ പര്യവേഷണ വേളയിൽ ഗവേഷണം നടത്തുന്നത്. മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തിന്റെ ആഗോള പ്രത്യാഘാതങ്ങളെക്കുറിച്ചും പരിസ്ഥിതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ഇതുമൂലമുണ്ടാകുന്ന ഭീഷണിയെക്കുറിച്ചും മനസ്സിലാക്കാൻ ഈ പഠനത്തിൽ നിന്നുള്ള കണ്ടെത്തലുകൾ വിലപ്പെട്ട സംഭാവനകൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നതായി ഡോ. ടോംസ് സി. ജോസഫ് പറഞ്ഞു.

# സൈബർ തട്ടിപ്പ്: വി പ്രൊട്ടക്ട് അവതരിപ്പിച്ചു

**കൊച്ചി:** തട്ടിപ്പുകൾക്കും സൈബർ ആക്രമണങ്ങൾക്കും സ്പാം കോളുകൾക്കും എതിരെ രാജ്യത്തെ മുൻനിര ടെലികോം സേവനദാക്കളായ വി, ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും സുരക്ഷ നൽകുന്ന സമഗ്രമായ നിർമിത ബുദ്ധി പിന്തുണയോടെയുള്ള വി പ്രൊട്ടക്ട് അവതരിപ്പിച്ചു. നിർമിത ബുദ്ധി അധിഷ്ഠിത വോയ്സ് സ്പാം കണ്ടെത്തൽ സംവിധാനവും തങ്ങളുടെ മുഖ്യ ശൃംഖലയ്ക്കായുള്ള നിർമിത ബുദ്ധിയുടെ ശക്തിയോടെയുള്ള നെറ്റ് വർക്ക് പ്രതിരോധ, ഇൻസിഡന്റ് റെസ്പോൺസ് സംവിധാനവുമാണ് ഇന്ത്യ മൊബൈൽ കോൺഗ്രസിൽ (ഐഎംസി) വി അവതരിപ്പിച്ചത്.

വോയ്സ് സ്പാം കണ്ടെത്തൽ, സൈബർ പ്രതിരോധം, ഇൻസിഡന്റ് റെസ്പോൺസ് സംവിധാനം, എസ്എംഎസ് സ്പാം കണ്ടെത്തൽ, അന്താരാഷ്ട്ര കോളിങ് ഡിസ്പ്ലേ തുടങ്ങി നിരവധി സംവിധാനങ്ങളാകും ഇവയിലുണ്ടാകുക. വർധിച്ചു കൊണ്ടിരിക്കുന്ന സൈബർ തട്ടിപ്പുകൾക്കും ആക്രമണങ്ങൾക്കും എതിരെയുള്ള സുരക്ഷാ നടപടികൾ ഒരേ കുടക്കീഴിൽ അവതരിപ്പിക്കുന്നതാണ് പുതിയ സംവിധാനം. രാജ്യം വൻ തോതിൽ ഡിജിറ്റൽ രീതികൾ സ്വീകരിക്കുകയും ആഗോള തലത്തിൽ കൂടുതൽ പ്രസക്തമാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഉപഭോക്താക്കളുടെ ശൃംഖല സംരക്ഷിക്കുന്നത് എന്നത്തേക്കാളും പ്രധാനപ്പെട്ടതായിരിക്കുകയാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ചീഫ് ടെക്നോളജി ഓഫിസർ ജഗ്ബീർ സിങ് പറഞ്ഞു. നിർമിതബുദ്ധിയുടേ പിന്തുണയോടെയുള്ള അത്യാധുനീക രീതികളാണ് വി പ്രൊട്ടക്ട് പ്രയോജനപ്പെടുത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫോർച്ച്യൂണർ ലീഡർ എഡിഷൻ പുറത്തിറക്കി ടൊയോട്ട കിർലോസ്കർ മോട്ടോർ

**കൊച്ചി:** ഫോർച്ച്യൂണർ ലീഡർ എഡിഷന്റെ 2025 പതിപ്പ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ. ഇതിന് മുൻപ്, 2024ലും ബ്രാൻഡ് ഈ ജനപ്രിയ എസ്‌യുവിയുടെ ലീഡർ എഡിഷൻ അവതരിപ്പിച്ചിരുന്നു. ഇപ്പോൾ 2025ലും അതേ മാതൃക കമ്പനി പിന്തുടർന്നിരിക്കുകയാണ്. പ്രത്യേക പതിപ്പിന്റെ ബുക്കിങ് ഈ ആഴ്ച അവസാനം ആരംഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഔദ്യോഗിക വെബ്സൈറ്റ്, ടൊയോട്ട ഡീലർഷിപ്പ് എന്നിവ വഴി ബുക്കിങ് നടത്താൻ കഴിയുന്നവിധമാണ് ക്രമീകരണം ഒരുക്കുന്നത്. നിരവധി മാറ്റങ്ങളുമായാണ് 2025 ടൊയോട്ട ഫോർച്ച്യൂണർ ലീഡർ എഡിഷൻ പുറത്തിറങ്ങാൻ പോകുന്നത്. പുതിയ ഗ്രിൽ, ഫ്രണ്ട്, റിയർ ബമ്പറുകൾക്കുള്ള ലിപ് സ്പോയിലറുകൾ, ക്രോം ഇൻസേർട്ടുകൾ എന്നിവ ഇതിൽ ചിലത് മാത്രമാണ്. തിളക്കമുള്ള ഗ്ലോസ് ബ്ലാക്ക് അലോയ് വീലാണ് മറ്റൊരു പ്രത്യേകത. ആറ്റിറ്റിയൂഡ് ബ്ലാക്ക്, സൂപ്പർ വൈറ്റ്, പേൾ വൈറ്റ്, സിൽവർ എന്നിവ ഉൾപ്പെടെ മൂന്ന് നിറങ്ങളിൽ ഇവ വിപണിയിൽ എത്തും.



ഡ്യുവൽടോൺ ബ്ലാക്ക് റൂഫ് ഒരുക്കിയിരിക്കുന്നത് 2025 ടൊയോട്ട ഫോർച്ച്യൂണർ ലീഡർ എഡിഷന്റെ കോൺട്രാസ്റ്റ് ആകർഷണം വർധിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം ഗ്ലോസി ബ്ലാക്ക് അലോയ് വീലുകളും ഒരു ഹുഡ് എംബ്ലം സമ്മാനിച്ചിരിക്കുന്നതും ഇടിവെട്ട് ലുക്കാണ് ഫുൾസൈസ് എസ്‌യുവിക്ക് സമ്മാനിക്കുന്നത്. ആറ്റിറ്റ്യൂഡ് ബ്ലാക്ക്, സൂപ്പർ വൈറ്റ്, പേൾ വൈറ്റ്, സിൽവർ എന്നീ നാല് കളർ ഓപ്ഷനുകളിലും ലീഡർ എഡിഷൻ തെരഞ്ഞെടുക്കാം. 4×2 മാനുവൽ, ഓട്ടോമാറ്റിക് വേരിയന്റ് ലെവലുകളിൽ ലഭ്യമാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. എക്സ്റ്റീരിയറിലെ മാറ്റങ്ങൾക്ക് പുറമെ എസ്‌യുവിയുടെ അകത്തളത്തിലും കമ്പനി നവീകരണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സീറ്റുകൾക്കും ഡോർ ട്രിമ്മുകൾക്കും കറുപ്പും മെറൂണും നിറങ്ങളിലുള്ള ഡ്യുവൽടോൺ തീമാണ് 2025 ടൊയോട്ട ഫോർച്ച്യൂണർ ലീഡർ എഡിഷൻ വഹിക്കുന്നത്.

# എറണാകുളം മേഖലയിൽ എൽപിജി വിതരണം തടസ്സമില്ലാതെ തുടരുമെന്ന് ഇന്ത്യൻ ഓയിൽ

**കൊച്ചി:** എറണാകുളത്തും സമീപ ജില്ലകളിലുമുള്ള എല്ലാ ഇൻഡേൻ എൽപിജി ഉപഭോക്താക്കൾക്കും സിലിണ്ടറുകൾ തടസ്സമില്ലാതെ സാധാരണ നിലയിൽ ലഭിക്കുമെന്ന് ഇന്ത്യൻ ഓയിൽ അറിയിച്ചു. എറണാകുളം ജില്ലയിൽ എൽപിജി സിലിണ്ടറുകൾക്ക് ക്ഷാമം നേരിടുന്നതായുള്ള വാർത്തകളുടെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഓയിലിന്റെ പ്രതികരണം.

കൊച്ചിൻ ബോട്ടിലിംഗ് പ്ലാന്റ് പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നതായും ഡിസ്ട്രിബ്യൂട്ടർമാർക്കുള്ള വിതരണം പതിവ് നിലയിൽ തുടരുന്നതായും ഇന്ത്യൻ ഓയിൽ അറിയിച്ചു. സെപ്റ്റംബർ അവസാന വാരം ഒരു വിഭാഗം കരാർ തൊഴിലാളികളുടെ സമരത്തെത്തുടർന്ന് പ്ലാന്റിന്റെ പ്രവർത്തനങ്ങളെ താൽക്കാലികമായി ബാധിക്കുകയും ദേശീയ അവധി പ്രമാണിച്ച് ഒക്ടോബർ 2ന് പ്ലാന്റ് അടച്ചിടുകയും ചെയ്തിരുന്നു. എന്നാൽ തുടർന്ന് സാധാരണ ഉൽപ്പാദനം പുനരാരംഭിക്കുകയും വിതരണം പൂർണ്ണമായും പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. വിതരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വർദ്ധിച്ചുവരുന്ന അവധിക്കാല ആവശ്യകത നിറവേറ്റുന്നതിനുമായി തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്ന് അധിക ലോഡുകൾ ഇറക്കുമതി ചെയ്യുന്നത് തുടരുന്നു. എല്ലാ ഉപഭോക്താക്കൾക്കും എൽപിജി സിലിണ്ടറുകളുടെ സമയബന്ധിതവും സുരക്ഷിതവുമായ വിതരണം ഉറപ്പാക്കുന്നത് തുടരാനും എല്ലാ വീടുകളിലും വിശ്വസനീയവും സുരക്ഷിതവും തടസ്സമില്ലാത്തതുമായ എൽപിജി വിതരണം നടത്താനും ഇന്ത്യൻ ഓയിൽ പ്രതിജ്ഞാബദ്ധമാണെന്നും പത്രക്കുറിപ്പിൽ അറിയിച്ചു.

# ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ആമസോണിൽ

**കൊച്ചി:** നിർണായക ചുവടുവയ്പ്പുമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്. കഴിഞ്ഞ വർഷം ഫ്ളിപ്കാർട്ടിൽ ഉയർന്ന പെർഫോമൻസുള്ള ക്ലാസിക് ബൈക്കുകളുടെ സെയിലിന് തുടക്കമിട്ടതിനുശേഷം, ജാവ യെസ്ഡി ഇപ്പോൾ രാജ്യത്തെ ഏറ്റവും വലിയ ഇ-കൊമേഴ്സ് മാർക്കറ്റ് പ്ലേസായ ആമസോണിൽ പ്രവർത്തനവുമായി മുന്നോട്ടു പോകുന്നു. 40 ലധികം നഗരങ്ങളിലാണ് ഇതുവഴി ജാവ യെസ്ഡി കിട്ടുന്നത്. ഈ ഉത്സവ സീസണിൽ 100 ലധികം നഗരങ്ങളിൽ ലഭ്യമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.




2024 ഒക്ടോബറിൽ ഫ്ളിപ്കാർട്ടിൽ അരങ്ങേറ്റം കുറിച്ചപ്പോൾ, ബ്രാൻഡ് മോട്ടോർസൈക്കിളുകൾ ഓൺലൈനിൽ ലിസ്റ്റ് ചെയ്യുക മാത്രമല്ല, ഇ-കൊമേഴ്സിൽ പ്രീമിയം ക്ലാസിക് മോട്ടോർസൈക്കിളുകളുടെ കാറ്റഗറി സൃഷ്ടിക്കുകയും ചെയ്തിരുന്നുവെന്ന് കമ്പനി അധികൃതർ പറഞ്ഞു. ആദ്യ മാസത്തിനുള്ളിൽ തന്നെ, റെക്കോർഡ് കൺവേർഷൻ നിരക്ക് നൽകി, ഓൺലൈൻ ടൂ വീലർ സെയിലിൽ വലിയ മുന്നേറ്റം നടത്തി.

# ജയ്പൂരിൽ സോളാർ മൊഡ്യൂൾ നിർമാണ കേന്ദ്രം സ്ഥാപിച്ച് എസിഎംഇ ഗ്രൂപ്പ്

**കൊച്ചി:** സോളാർ മൊഡ്യൂളുകൾ ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ നിർമാണം വിപുലപ്പെടുത്തി ബിസിനസ് വളർച്ച കൈവരിക്കാനൊരുങ്ങി പുനരുപയോഗ ഊർജ മേഖലയിലെ പ്രമുഖ സ്ഥാപനമായ എസിഎംഇ ഗ്രൂപ്പ്. ഇതിന്റെ ഭാഗമായി രാജസ്ഥാനിലെ ജയ്പൂർ കേന്ദ്രീകരിച്ച് 230 കോടി രൂപ മുതൽമുടക്കിൽ സോളാർ മൊഡ്യൂൾ നിർമാണ കേന്ദ്രം സ്ഥാപിച്ചു. കർഷകർക്ക് കുറഞ്ഞ നിരക്കിൽ സോളാർ ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ കുസും പ്രോജെക്റ്റിനു പുറമെ യൂട്ടിലിറ്റിസ്കെയിൽ പവർ പ്ലാന്റുകൾ, പുരപ്പുറ സോളാർ പദ്ധതികൾ, കയറ്റുമതി ആവശ്യങ്ങൾ എന്നിവയ്ക്കായി വലിയതോതിൽ നിർമാണം നടത്തുകയാണ് പുതിയ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നതെന്ന് എസിഎംഇ ഗ്രൂപ്പ് അധികൃതർ അറിയിച്ചു. ഉയർന്ന കാര്യക്ഷമതയുള്ള സോളാർ മൊഡ്യൂളുകൾ ഉൽപ്പാദിപ്പിക്കനായി പ്രത്യേകം രൂപകൽപ്പന ചെയ്ത ജയ്പൂർ കേന്ദ്രത്തിന് പ്രതിവർഷം 1.2 ജിഗാവാട്സ് കപ്പാസിറ്റിയാണുള്ളത്. കേന്ദ്ര സർക്കാരിന്റെ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് ജയ്പൂരിൽ സോളാർ മൊഡ്യൂൾ നിർമാണ കേന്ദ്രം ആരംഭിച്ചത്. സോളാർ മേഖലയിലെ അത്യാധുനിക ഉപകരണങ്ങളുടെ ഇറക്കുമതി പരിമിതപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ കഴിയും. ആഭ്യന്തരമായി നിർമിക്കുന്ന ഉയർന്ന നിലവാരമുള്ള സോളാർ മൊഡ്യൂളുകളുടെ വിതരണം ഉറപ്പാക്കിക്കൊണ്ട് രാജ്യത്തിന്റെ പുനരുപയോഗ ഊർജ്ജ ലക്ഷ്യങ്ങൾ പരമാവധി വേഗത്തിൽ കൈവരിക്കാനും ലക്ഷ്യമിടുന്നുണ്ട്. ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായി എസിഎംഇ ഗ്രൂപ്പിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായി ജിതേന്ദ്ര അഗർവാളിനെ നിയമിച്ചു. ഇന്ത്യയ്ക്ക് പുറമെ പ്രധാന അന്താരാഷ്ട്ര വിപണികളിലേക്കും എസിഎംഇ ഗ്രൂപ്പിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് നിയമനം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com